(എ) കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ സംസ്ഥാനത്തെ ജയിലുകളിൽനിന്ന് എത്രപേർ തടവുചാടിയിട്ടുണ്ട്;

(ബി) അവർ ഏതെല്ലാം കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരായിരുന്നു;

(സി) അതിൽ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവർ എത്രപേരാണെന്നും ഏതെല്ലാം രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) 84 പേർ തടവുചാടിയിട്ടുണ്ട്.

(ബി) തടവുചാടിയ 84 പേരിൽ 25 പേർ ശിക്ഷാ തടവുകാരും ബാക്കിയുള്ള 59 പേർ വിചാരണ തടവുകാരുമാണ്. ശിക്ഷാ തടവുകാരായ 25 പേരിൽ 6 പേർ കൊലപാതക കുറ്റത്തിനും, 14 പേർ മോഷണ കുറ്റത്തിനും, 2 പേർ എൻ.ഡി.പി.എസ്. ആക്ട് പ്രകാരവും, സി.ആർ.പി.സി. 125-ാം വകുപ്പ്, ആംസ് ആക്ട്, ഫോറിനേഴ്സ് ആക്ട് എന്നിവ പ്രകാരം ഓരോരുത്തരും ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(സി) തടവുകാരുടെ രാഷ്ട്രീയ ബന്ധം രേഖപ്പെടുത്തുന്ന പതിവില്ല.

91 (1451) സബ് ജയിലിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സബ് ജയിലിൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ് ജയിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(സി) ഇതു സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) സ്ഥലപരിമിതിമൂലമുള്ള അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി)&(സി) സബ്ജയിൽ മാറ്റി സ്ഥാപിയ്ക്കുവാൻ ഉദ്ദേശമില്ല. എന്നാൽ ഈ സബ്-ജയിലിന്റെ സ്ഥലപരിമിതി കണക്കിലെടുത്തുകൊണ്ട് കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ ജയിൽ വകുപ്പിന് കൈവശമുള്ള ഒരേക്കർ സ്ഥലത്ത് ജയിൽ നവീകരണ പദ്ധതി പ്രകാരം സബ് ജയിൽ കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

92 (1452) റെയിൽവേ ട്രാക്കിലെ മനുഷ്യശൃംഖല

ശ്രീ. വി. ബാലറാം :
ശ്രീമതി റോസമ്മ ചാക്കോ :

LIBRARY ARCHIVES Kerala Legislative Assembly